POLICE DEPARTMENT

KERALA

**No. N4-48229/2025/PHQ**
Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
04712721547
Dated. 21-03-2025

**ലേല പരസ്യം**

പോലിസ് ആസ്ഥാനത്തിന്റെ പരിസരത്ത് നിൽക്കുന്ന ഫലവൃക്ഷങ്ങളുടെ ഒരു വർഷത്തെ (01/04/2025 മുതൽ 31/03/2026 വരെ) ആദായം എടുക്കുന്നതിനുള്ള അനുവാദം 04/04/2025 തീയതി രാവിലെ 11.30 മണിക്ക് പോലീസ് ആസ്ഥാനത്തെ പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയത് നൽകുവാൻ തിരുമാനിച്ചിരിക്കുന്നു. ഫലവൃക്ഷങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

തെങ്ങ് - 12 എണ്ണം (കായ്ഫലമുള്ളത് 10 എണ്ണം)

പ്ലാവ് - 4 എണ്ണം (കായ്ഫലമുള്ളത് )

മാവ് - 4 എണ്ണം (കായ്ഫലമുള്ളത് )

പ്രസ്തുത ലേലത്തിൽ പങ്ക് ചേരുവാൻ താൽപ്പര്യമുള്ളവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും, ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് ₹1,125/- രൂപ (ആയിരത്തി ഒരുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ) നിരതദ്രവ്യം പോലീസ് ആസ്ഥാനത്തെ കാഷ്യർ വശം കെട്ടി വച്ച് ലേലത്തിൽ പങ്ക് ചേരാവുന്നതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും, അപ്രകാരം ലേലം കൈക്കൊള്ളുന്ന ആൾ നിരതദ്രവ്യം കഴിച്ചുള്ള ബാക്കി തുക മുഴുവനായും ഉടൻതന്നെ ഒടുക്കേണ്ടതും, ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കൈപ്പറ്റിയ ശേഷം മാത്രം ടി വൃക്ഷങ്ങളുടെ ആദായം എടുക്കാവുന്നതാണ്. നിരതദ്രവ്യം ഒടുക്കിയ വ്യക്തിക്ക് സീൽ വച്ച കവറിൽ ലേലം കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന പരമാവധി തുക രേഖപ്പെടുത്തി ഇതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനെ ലേലം തുടങ്ങുന്നതിനു മുൻപായി ഏൽപ്പിക്കാവുന്നതാണ്. ലേലം അവസാനിപ്പിച്ചതിനു ശേഷം ടി സീൽ വച്ച കവറുകൾ പൊട്ടിക്കുന്നതും അതിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പരസ്യ ലേലത്തിൽ വിളിച്ച കൂടിയ തുകയേക്കാൾ അധികമാണെങ്കിൽ, ടി കൂടിയ തുക രേഖപ്പെടുത്തി സമർപ്പിച്ച വ്യക്തിയുടെ പേരിൽ ലേലം ഉറപ്പിക്കുന്നതാണ്.

ലേലത്തിൽ പങ്കുകൊണ്ട മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞയുടൻ തിരികെ നൽകുന്നതായിരിക്കും. കൂടുതൽ തുകക്ക് ലേലം വിളിച്ചയാൾ മുഴുവൻ തുകയും ഒന്നായി ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും, പുനർ ലേലം ചെയ്യുന്നതും അതിന്മേൽ ഏതെങ്കിലും നഷ്ടം സർക്കാരിനുണ്ടാകുന്ന പക്ഷം ടി തുക അയാളിൽനിന്നോ അയാളുടെ സ്ഥാവരജംഗമ വസ്തുക്കളിൽനിന്നോ ക്രമ പ്രകാരം ഈടാക്കുന്നതാണ്.

ലേലത്തിൽ പങ്ക് ചേരുവാൻ ആഗ്രഹിക്കുന്നവർ ലേലം തീയതിക്ക് മുന്നേയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.00 മണിമുതൽ 4.00 മണിവരെ സമയങ്ങളിൽ മേൽ പറഞ്ഞിട്ടുള്ള ഫലവൃക്ഷങ്ങൾ പി.എച്ച്.ക്യൂ ഡ്യൂട്ടി ഓഫീസറുടെ അനുവാദത്തോടെ പരിശോധിക്കാവുന്നതാണ്.

ലേലം മാറ്റി വയ്ക്കുന്നതിനോ സ്ഥിരപ്പെടുത്തിയ ലേലം യാതൊരു കാരണവും പറയാതെ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

Kishore Kumar J IPS
Assistant Inspector General
For Director General of Police-cum-State
Police Chief

| | | |
|---|---|---|
| To | : | 1. പി എച് ക്യൂ ഡ്യൂട്ടി ഓഫീസർക്ക് ആവിശ്യമായ നടപടിയ്ക്കായി അയയ്ക്കുന്നു. (ടി ലേല പരസ്യത്തിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്) 2. പി. എച്ച്. ക്യൂ. ക്യാഷ്യർ ക്ക് തുടർനടപടികൾക്കായി അയയ്ക്കുന്നു |
| Copy To | : | 1. തിരു. സിറ്റി പോലിസ് കമ്മീഷണർ/തിരു. റൂറൽ ജില്ലാ പോലിസ് മേധാവി/കമാണ്ടാന്റ് SAP/പോലിസ് ചീഫ് സ്റ്റോർ കീപ്പർ എന്നിവർക്ക് അറിവിലേക്കും പരസ്യത്തിനും 2. ADGP, SCRB ക്ക് പോലിസ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിലേയ്ക്കായി |